**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: T 2188

18.03.2015 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി
മറുപടി പറയേണ്ടത്

## പത്താം ശമ്പള പരിഷ്കരണം

**ചോദ്യം**

ശ്രീ. എളമരം കരീം
,, വി.ശിവൻകുട്ടി
,, രാജു എബ്രഹാം
,, എം. ഹംസ

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി.

| | | | |
|---|---|---|---|
| (എ) | പത്താം ശമ്പള പരിഷ്കരണം നീണ്ടു പോകുന്നതിന്റെ കാരണം വെളിപ്പെടുത്താമോ; | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30.11.2013-ൽ രൂപവല്ക്കരിച്ചപ്പോൾ അനുവദിച്ച ആറുമാസ കാലാവധി അപര്യാപ്തമായതിനാലാണ് കാലാവധി 30.06.2015 വരെ ദീർഘിപ്പിച്ചത്. കമ്മീഷന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | അസാധാരണമായ വിലക്കയറ്റത്തിന്റെയും ശമ്പള പരിഷ്കരണം നീണ്ടുപോകുന്നതിന്റെയും സാഹചര്യത്തിൽ ഇടക്കാലാശ്വാസം അനുവദിക്കുവാൻ തയ്യാറാകുമോ; | : | ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (സി) | അഞ്ചു വർഷ തത്വത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വേതനം പരഷ്കരിക്കേണ്ടത് ഏത് തീയതി മുതലാണ്; ശമ്പള കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പ്രാബല്യതീയതി നിർദ്ദേശിക്കാതിരുന്നത് എന്തുകൊണ്ടാണ്; | : | അഞ്ചു വർഷ തത്വത്തിന്റെ അടിസ്ഥാനത്തിൽ 01.07.2014 മുതലാണ് വേതനം പരിഷ്കരിക്കേണ്ടത്. ശമ്പള കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പ്രാബല്യതീയതി നിർദ്ദേശിക്കാതിരുന്നത് പ്രത്യേകിച്ച് തീരുമാനം ഒന്നും ഉണ്ടായിട്ടല്ല. |
| (ഡി) | ശമ്പള കമ്മീഷൻ കാലാവധി 2015 ജൂൺ വരെ ദീർഘിപ്പിച്ച നടപടി, ജീവനക്കാരെയാകെ ആശങ്കയിലാക്കിയിട്ടുള്ളതായി അറിയാമോ; കാലാവധി വെട്ടിച്ചുരുക്കി, റിപ്പോർട്ട് വാങ്ങി ഉടൻ ശമ്പള പരിഷ്കരണം നടപ്പാക്കാൻ തയ്യാറാകുമോ; | : | ശമ്പള കമ്മീഷൻ കാലാവധി നീട്ടിയ നടപടി ജീവനക്കാരെയാകെ ആശങ്കയിലാക്കിയതായി അറിയില്ല. പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തന കാലാവധി സർക്കാർ 2015 ജൂൺ 30-ാം തീയതി വരെ അനുവദിച്ചിട്ടുള്ളതിനാൽ ടി കാലാവധിക്കുള്ളിൽ തന്നെ ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ സർക്കാരിന് സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | ശമ്പള പരിഷ്കരണത്തിന് 2015-16 ൽ വേണ്ടി വരുന്ന തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ? | : | ഉണ്ട്. |

**സെക്ഷൻ ഓഫീസർ**